# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-26




# മന്ദങ്കാവ് എ എൽ പി സ്കൂൾ

മന്ദങ്കാവ്
എ എൽ പി സ്കൂൾ

# ആമുഖം

സമൂഹത്തിന്റെ സാംസ്കാരികവും വൈജ്ഞാനികവുമായ പുരോഗതിയിൽ
അനിഷേധ്യവും നിർണായകവുമായ ശക്തിസ്രോതസ്സുകൾ ആണ് വിദ്യാലയങ്ങൾ
നമ്മുടെ തലമുറകൾക്ക് വിദ്യാഭ്യാസം നൽകുന്ന സ്ഥാപനമാണല്ലോ വിദ്യാലയം
അധ്യാപനത്തിനും പഠനത്തിനുമായി രൂപവൽക്കരിച്ചിരിക്കുന്ന ഈ സ്ഥാപനങ്ങളാണ്
നമ്മുടെ രാജ്യത്തിന്റെ അഥവാ ഈ ലോകത്തിന്റെ തന്നെ പുരോഗതിക്ക് നിദാനം
അക്ഷരാർത്ഥത്തിൽ അവ സരസ്വതി ക്ഷേത്രങ്ങൾ തന്നെയാണ്
കോഴിക്കോട് ജില്ലയിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിനുള്ള ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്
മന്ദങ്കാവ് എന്നറിയപ്പെടുന്ന പ്രദേശത്താണ് . പേരാമ്പ്ര വിദ്യാഭ്യാസ ഉപജില്ലക്ക് കീഴിൽ
സ്ഥിതി ചെയ്യുന്ന മന്ദങ്കാവ് എ എൽ പി സ്കൂൾ എന്ന ഈ സ്ഥാപനം ഈ പ്രദേശത്തെ
സംബന്ധിച്ചിടത്തോളം വളരെയേറെ പ്രാധാന്യമേറിയതാണ് കാരണം ഈ വിദ്യാലയം
സ്ഥാപിക്കുന്നതിന് മുമ്പ് വൈജ്ഞാനികവും സാംസ്കാരികവുമായ രംഗങ്ങളിൽ തികച്ചും
പിന്നോക്കാവസ്ഥയിലായിരുന്നു ഈ ഗ്രാമം .
ഇവിടെ പ്രഥമാധ്യാപകൻ കൂടിയായിരുന്ന കീഴില്ലത്ത് വി ശങ്കരൻ നമ്പീശൻ 1953ൽ
സ്ഥാപിച്ച ഈ വിദ്യാലയത്തിന്റെ ഇപ്പോഴത്തെ മാനേജർ അദ്ദേഹത്തിന്റെ മകനും
റിട്ടയേർഡ് അധ്യാപകനുമായ കെ കേശവൻ ആണ് . ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല്
അധ്യാപകർ ഈ സ്ഥാപനത്തിൽ സേവനമനുഷ്ഠിക ഈ വിദ്യാലയം ഇപ്പോൾ
അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം കുട്ടികളുടെ പ്രവേശനത്തിൽ
പ്രതിവർഷം സംഭവിച്ചുകൊണ്ടിരിക്കുന്ന എണ്ണക്കുറവാണ്. രക്ഷിതാക്കൾക്ക്
ഇംഗ്ലീഷ് ഭാഷയോടുള്ള അമിതവും അന്ധവുമായ ഭ്രമം തന്നെയാണ് ഇതിനൊരു പ്രധാന കാരണം.
ഏതായാലും കുട്ടികളുടെ പ്രവേശനത്തിന്റെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ
നിലയിൽ നിന്നും സ്കൂളിനെ സംരക്ഷിക്കുന്നതിന് ആവശ്യമായ ഒട്ടനവധി പ്രവർത്തനങ്ങൾ
ഇപ്പോൾ നടന്നുവരുന്നുണ്ട്. കുട്ടികളുടെ എണ്ണം കുറവാണെങ്കിലും അക്കാദമികമായ
നിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു
നടപ്പാക്കുന്നതിനും വൈവിധ്യമാർന്ന പാഠ്യേതര പ്രവർത്തനങ്ങളിലൂടെ മികച്ച നേട്ടങ്ങൾ
കൊയ്തെടുക്കുന്നതിനും അതുവഴി കുട്ടികളെയും രക്ഷിതാക്കളെയും ആകർഷിക്കുന്നതിനും
സ്കൂൾ നേതൃത്വം നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇനിയങ്ങോട്ട് പൂർവാധികം
ഭംഗിയായും ആസൂത്രിതമായും സ്കൂൾ പ്രവർത്തനം ഊർജിതമാക്കാൻ ഈ വിദ്യാലയത്തിലെ
അധ്യാപകരും രക്ഷാകർത്ത സമിതിയും ഒത്തുചേർന്ന് ആസൂത്രണം ചെയ്തൊരുക്കിയ
പ്രവർത്തന പദ്ധതികളുടെ വിശദാംശമാണ് ഈ അക്കാദമിക  മാസ്റ്റർ

# മന്ദങ്കാവ് എ എൽ പി സ്കൂൾ

കോഴിക്കോട് ജില്ലയിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ
പ്രകൃതി മനോഹരമായ മന്ദങ്കാവ് എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം.
മന്ദങ്കാവ് എ എൽ പി സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം ഇവിടെ സ്ഥാപിക്കപ്പെട്ടത്
1953ൽ ആണ്. ഇവിടെ പ്രഥമാദ്ധ്യാപകൻ കൂടിയായിരുന്ന
കീഴില്ലത്ത് വി.ശങ്കരൻ നമ്പീശൻ ആണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകമാനേജർ.
ഇപ്പോൾ ഈ സ്ഥാപനത്തിന്റെ മാനേജർ അദ്ദേഹത്തിന്റെ മകനും റിട്ടയേർഡ്
അദ്ധ്യാപകനുമായ ശ്രീ.കേശവൻ കാവുന്തറ ആണ്.

കീഴില്ലത്ത് വി.ശങ്കരൻ നമ്പീശൻ, ഏ.കെ.ദാമോദരൻ നായർ, എൻ.എം.നാരായണൻ നായർ
എന്നിവർക്കുശേഷം കെ.ശ്രീധരൻ, ഇ.ശ്രീധരൻ നായർ, പി.പ്രകാശ് , മിനി കുമാരി ടി കെ എന്നിവ
ഈ സ്കൂളിന്റെ സാരഥികളായി വിവിധ ഘട്ടങ്ങളിൽ സേവനമനുഷ്ഠിച്ചവരാണ്.

സർവ്വീസിലിരിക്കേ മരണമടഞ്ഞ കെ.ബീരാൻകുട്ടി മാസ്റ്റർ,
സർക്കാർ സർവ്വീസിലേക്ക് സ്ഥലം മാറിപ്പോയ
ശ്രീമതി കെ.രമണി എന്നിവർ ഈ സ്ഥാപനത്തിൽ
ശ്രദ്ധേയരായിത്തീർന്ന മറ്റുരണ്ട് അദ്ധ്യാപകരാണ്.

കേവലം 4 ക്ലാസ്സുകളിലായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ
2025 മുതൽ പ്രഥമാദ്ധ്യാപികയായി സേവനമനുഷ്ഠിക്കുന്നത്
സിന്ധു പി എം കെ യാണ്. മഞ്ജുഷ.പി.എസ്, സുധീഷ് കുമാർ.ബി.ടി.
അഞ്ജിത എന്നിവർ സഹാദ്ധ്യാപകരും
ശ്രീമതി.രജിത.പി പ്രീ പ്രൈമറി അദ്ധ്യാപികയായും പ്രവർത്തിക്കുന്നു.



# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എൽ.പി.എസ്. മന്ദങ്കാവ് |
| വിലാസം | : മന്ദങ്കാവ് പി.ഒ., 673614, കോഴിക്കോട് ജില്ല |
| സ്ഥാപിതം | : 1953 |
| ഫോ | : 9400577488 |
| ഇമെയിൽ വിലാസം | : hmmannankavealps@gmail.com |
| സ്കൂൾ കോഡ് | : 47642 |
| യുഡൈസ് കോഡ് | : 32040100605 |
| റവന്യൂ ജില്ല | : കോഴിക്കോട് |
| വിദ്യാഭ്യാസ ജില്ല | : താമരശ്ശേരി |
| ഉപജില്ല | : പേരാമ്പ്ര |
| താലൂക്ക് | : കൊയിലാണ്ടി |
| നിയമസഭാമണ്ഡലം | : ബാലുശ്ശേരി |
| ലോകസഭാമണ്ഡലം | : കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | : ബാലുശ്ശേരി |
| തദ്ദേശസ്വയംഭരണസ്ഥാപനം | : നടുവണ്ണൂർ പഞ്ചായത്ത് |
| വാർഡ് | : 13 |
| സ്കൂൾ തരം | : പൊതുവിദ്യാലയം |
| ഭരണ വിഭാഗം | : എയ്ഡഡ് |
| പഠന വിഭാഗം | : എൽ.പി |
| ക്ലാസ് പരിധി | : 1 മുതൽ 4 വരെ |
| പാഠഭാഷ | : മലയാളം |
| അദ്ധ്യാപകർ | : 4 |
| ആകെ കുട്ടികൾ | : 29 |
| പ്രധാന അദ്ധ്യാപിക | : സിന്ധു . പി .എം .കെ |
| പി.ടി.എ. പ്രസിഡണ്ട് | : സുജേഷ് കെ |
| എം.പി.ടി.എ. പ്രസിഡണ്ട് | : അഫീഫ |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചെന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബിഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകുക.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക.

5. ആധുനിക സാങ്കേതികവിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനായി അധ്യാപകരെ ശാക്തീകരിക്കുകയും, അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.

6. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

7. ഓരോ ടേമിലും നേടേണ്ട ശേഷികൾ മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകുക.

8. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക് സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ഷീറ്റുകൾ SRGയുടെ നേതൃത്വത്തിൽ ലഭ്യമാക്കുക.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയപരിസരങ്ങൾ മാറ്റുക.

10. ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവ് വിദ്യാർത്ഥി സമൂഹം' സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

11. ജൈവവൈവിധ്യ കലവറയായായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യമുക്ത വിദ്യാലയം : ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വെയ്സ്റ്റ് മാനേജ്മെന്റ്, മലിന ജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികവുറ്റ രീതിയിൽ പരിപാലിക്കുന്നതിനായി വിദ്യാർത്ഥി സംഘം രൂപീകരിക്കുക.

14. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്ക് എതിരെ മുൻകരുതലുകൾ.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

# അകാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം
- ശിശു സൗഹൃദ കെട്ടിട സമുച്ചയം
- കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു
- കലാപഠനം പ്രവർത്തിപരിചയ പഠനം കായിക പഠനം എന്നിവയ്ക്ക് പ്രത്യേകം പരിശീലനം
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ
- സർഗാത്മക വേദികൾ ആശയ പ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു
- കാർഷിക പ്രവൃത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല
- ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല സയൻസ് ലാബ് കൂടുതൽ മെച്ചപ്പെടാൻ ഉണ്ട്
- വായനയ്ക്ക് നല്ല പ്രോത്സാഹനം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ് വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല
- മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്
- ഐടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾ ഒരുക്കാൻ ആയിട്ടില്ല എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല
- കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്
- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക .
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക .
- മികച്ച വായനാശീലം  വളർത്തുക

## ഇംഗ്ലീഷ്

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക .
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക .
- മികച്ച വായനാശീലം  വളർത്തുക

## പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യമുള്ള വളർത്തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക.
- ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനികശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക  .

## സാമൂഹികാവബോധം

- ജനാധിപത്യ വേദികൾ ഒരുക്കുക
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ,ചർച്ചകൾ, സംവാദങ്ങൾ , എന്നിവ സംഘടിപ്പിക്കൽ .

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക .
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക .
- ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക .
- ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ. സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവർത്തിപരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവർത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാ പഠനത്തിൽ പ്രയോജനപ്പെടുത്തുക .
- 'ഓരോ കുട്ടിയും ഒന്നാമനാണ് ' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക .

## ആരോഗ്യ കായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക .
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- വിദ്യാലയത്തിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക

# വിലയിരുത്തൽ , രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിംഗ്

## അക്കാദമിക മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം ക്ലാസ് മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ് പഠനം കേവലം ലക്ഷ്യബദ്ധമായതല്ല കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതും ആകണം ഇതുറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥൻ കൂടുതൽ പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനസംഘടനക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

**പ്രവർത്തന ലക്ഷ്യങ്ങൾ :**

- വിദ്യാലയങ്ങളിൽ കരിക്കുലം പ്രകാരമുള്ള പഠന പദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ ക്ലാസ് പ്രവർത്തനങ്ങൾ ഫോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക
- ശദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA) പ്രോത്സാഹിപ്പിക്കുക

**വിലയിരുത്തൽ :**

- ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘു ചിത്രങ്ങൾ, പോർട്ട്ഫോളിയോ, നോട്ടുകൾ എന്നിവ പരിശോധിക്കുക .
- അധ്യാപകരുടെ ടീച്ചിങ് മാനുവൽ യഥാസമയം പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ ഗ്രൂപ്പ് പ്രവർത്തനങ്ങൾ ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.
- അധ്യാപകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ  നൽകുക

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : പുസ്തക പ്രദർശനം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുക | ലൈബ്രറി പുസ്തകങ്ങൾ പ്രദർശിപ്പിക്കുക, പരിചയപ്പെടുത്തുക. | ആഴ്ചയിൽ ഒരു ദിവസം | ലൈബ്രേറിയൻ | 1000 |

പ്രവർത്തനം : 2
പേര് : എന്റെ ക്ലാസ് ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു . എല്ലാ കുട്ടികളും വായിച്ച് പുസ്തകത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : വായന ലോകം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ക്ലാസിൽ / അസംബ്ലിയിൽ ഒരു ദിനം ഒരു കുട്ടിയുടെ വായന . | ജൂ മുതൽ മാർച്ച് വരെ . | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : വായന കോർണർ
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു ക്ലാസ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ/ ലൈബ്രേറിയൻ | 5000 |

പ്രവർത്തനം : 5
പേര് : ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 6
പേര് : ക്ലാസ് തല പതിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | പഠനപ്രവർത്തനത്തിന്റെ ഭാഗമായും ദിനാചരണത്തിന്റെ ഭാഗമായും പങ്കുവയ്ക്കുന്ന പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം : 7
പേര് : എന്റെ വായനാക്കുറിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. ലൈബ്രറി ബുക്ക് വിതരണം ചെയ്യൽ | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 8
പേര് : കയ്യെഴുത്തു മാസികകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | കയ്യെഴുത്തു മാഗസിൻ വർഷത്തിൽ ഒരിക്കൽ | വിദ്യാരംഗം | 5000 |

പ്രവർത്തനം : 9
പേര് : രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ . ചിത്രം നൽകി വ്യവഹാര രൂപങ്ങൾ പല രീതിയിൽ എഴുതൽ | | ക്ലാസ്  ടീച്ചർ | 2000 |

പ്രവർത്തനം : 10
പേര് : സർഗ്ഗ വേള
ഉപമേഖല : അവതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും സഭാകമ്പമില്ലാതെ പരിപാടികൾ അവതരിപ്പിക്കാൻ പ്രാപ്തരാക്കുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ കുട്ടികൾക്കും അവരുടെ സർഗ്ഗവാസനകളെ വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുന്നു | ജൂ മുതൽ മാർച്ച് വരെ | ക്ലാസ്  ടീച്ചർ | 2000 |

പ്രവർത്തനം : 11
പേര് : പിന്നോക്കം മുന്നോക്കം
ഉപമേഖല : ആശയ ഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേകം പരിശീലനം നൽകൽ | ജൂ മുതൽ മാർച്ച് വരെ | ക്ലാസ്  ടീച്ചർ | 2000 |

പ്രവർത്തനം : 12

പേര് : പാട്ട് അരങ്ങ്

ഉപമേഖല : ഭാഷാ സമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദ പ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു രാഗതാളങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുന്നു | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 13

പേര് : റീഡേഴ്സ് തിയേറ്റർ

ഉപമേഖല : വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയോട് താൽപ്പര്യവും അഭിനയം വഴി വ്യക്തിത്വ വികസനവും | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു കഥാനായകർ , സംഭാഷണ ശൈലി, ശബ്ദ വ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം. വായനയുടെ അവതരണം | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 14

പേര് : ഭാഷോത്സവം

ഉപമേഖല : അവതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക | പ്രസംഗം, കഥപറയൽ, കവിതാലാപനം, പോസ്റ്റർ നിർമ്മാണം, കൊളാഷ് നിർമ്മാണം | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 15

പേര് : അരങ്ങിലേക്ക്

ഉപമേഖല : അവതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ സഭാകമ്പമില്ലാതെ അവതരിപ്പിക്കുകയും ചെയ്യുക | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ കഥകൾ സംവാദങ്ങൾ തുടങ്ങിയവ ആസ്പദമാക്കി അരങ്ങ് ഒരുക്കുന്നു | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 4000 |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകാൻ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | 3000 |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് മാഗസിൻ
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | ഓരോ മാസവും ഇംഗ്ലീഷിൽ മാഗസിൻ നിർമ്മിച്ച സിപിടിഎയിൽ പ്രകാശനം ചെയ്യുക | എല്ലാമാസവും | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 4

പേര് : റീഡിംഗ് കാർഡ് നിർമ്മാണം

ഉപമേഖല : വായന സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | രക്ഷിതാക്കളും അധ്യാപകരും ചേർന്ന് വായനാ സാമഗ്രി ഒരുക്കൽ നിർമ്മിക്കൽ | ജൂ ജൂലൈ | ഇംഗ്ലീഷ് ക്ലബ്ബ് | 2000 |

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ആശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | എല്ലാ കുട്ടികൾക്കും സ്വതന്ത്രമായി ഇടപഴകാൻ സഹായകരമായ തരത്തിൽ ഗണിത ലാബ് ഒരുക്കൽ | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം : 2
പേര് : വർക്ക് ഷീറ്റ് നിർമ്മാണം
ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ എസ് എസ് ജി | 4000 |

പ്രവർത്തനം : 3
പേര് : ഗണിത മൂല
ഉപമേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ . മഞ്ചാടി, മുത്തുകൾ, കളിനോട്ട് , കാർഡുകൾ, മുതലായവ | എല്ലാമാസവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പാക്കാൻ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടക്കുന്നു. പരിഹാരബോധനം ഉറപ്പുവരുത്തുന്നു | എല്ലാമാസവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 5

പേര് : ഗണിത ക്ലാസ് പിടിഎ

ഉപമേഖല : CPTA ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ | എല്ലാ മാസവും യോഗം വിളിക്കൽ ഓരോ ക്ലാസിലും ഗണിത പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു . പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു | എല്ലാമാസവും | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം : 1
പേര് : ശാസ്ത്ര ലോകം
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ക്ലാസുകൾ സംഘടിപ്പിക്കണം | എല്ലാമാസവും | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 2
പേര് : പരീക്ഷണക്കുറിപ്പുകൾ
ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക | പരീക്ഷണം ചെയ്തതിന്റെ കുറിപ്പുകൾ തയ്യാറാക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും കുറിപ്പ് തയ്യാറാക്കാൻ വേണ്ട സഹായംചെയ്യൽ | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : പരീക്ഷണക്കിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരീക്ഷണം ചെയ്ത് നിഗമനത്തിൽ എത്താൻ പ്രാപ്തരാക്കുക | മൂന്ന് നാല് ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾകിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ കണ്ടെത്തി പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 4

പേര് : ശാസ്ത്രോത്സവം

ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളോട് താൽപര്യവും ഉത്സാഹവും വളർത്തുക | ശാസ്ത്രോത്സവം സംഘടിപ്പിക്കുക കുട്ടികൾക്ക് പങ്കാളികളാവാൻ അവസരം നൽകുക | ഒക്ടോബർ മുതൽ ഡിസംബർ | SRG PTA | 2000 |

## മൊബൈൽ അഡിക്ഷൻ, ലഹരി

പ്രവർത്തനം : 1
പേര് : ലഹരി
ഉപമേഖല : ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ലഹരി മൊബൈൽ ആസക്തി ഇല്ലാതാക്കി പ്രതിരോധ ശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ , വീഡിയോകളിലൂടെ പ്രഭാഷണം, പോസ്റ്റർ നിർമ്മാണം എന്നിവ വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | ജൂ | ആരോഗ്യ വകുപ്പ്, എക്സൈസ്, പോലീസ് | 3000 |

# വിവരസാങ്കേതികവിദ്യ

പ്രവർത്തനം : 1
പേര് : IT പരിശീലനം
ഉപമേഖല : ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I C T സാധ്യതകൾ പരിചയപ്പെടുത്തൽ, പങ്കാളികളാക്കൽ | എല്ലാമാസവും | PSITC | 5000 |

പ്രവർത്തനം : 2
പേര് : IT
ഉപമേഖല : കമ്പ്യൂട്ടർ അറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | കളിപ്പെട്ടി, മറ്റ് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | എല്ലാമാസവും | PSITC | 5000 |

# പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : ശിൽപശാല
ഉപമേഖല : നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയമേളയിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | സെപ്തംബർ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പ്രവർത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ, പാഠഭാഗത്തെ നിർമ്മാണ പ്രവർത്തന ങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സ | 2000 |

പ്രവർത്തനം : 3
പേര് : പേപ്പർ ബാഗ് നിർമ്മാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണം പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക | ജൂ മുതൽ മാർച്ച് വരെ | എസ് എസ് ജി | 2000 |

# സർഗ്ഗ വേദി

പ്രവർത്തനം : 1
പേര് : സർഗ്ഗ വേദി
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ്ഗ വേദി നടത്തൽ നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയും | ക്ലാസ് ടീച്ചർ എസ് ആർ ജി | |

പ്രവർത്തനം : 2
പേര് : ടാലന്റ് ലാബുകൾ
ഉപമേഖല : സർഗാത്മകത വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കഴിവുകൾ ഉണ്ട് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ നടത്തുക | നൃത്തം ആലാപനം ചിത്രരചന അഭിനയം ക്രാഫ്റ്റ് വർക്ക് പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസവും | എസ് ആർ ജി പി ടി എ | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക | കുട്ടികളുടെ മികവുകൾ സോഷ്യൽ മീഡിയ വഴി സമൂഹവുമായി പങ്കുവെക്കൽ | ജൂ മുതൽ മാർച്ച് വരെ | എസ്ആർജി | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : കായികാരോഗ്യം
ഉപമേഖല : സുംബ, എയറോബിക്സ് , ലഘുവ്യായാമങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | സുംബ, എയ്റോബിക്സ് ലഘു വ്യായാമങ്ങൾ സ്കിപ്പിംഗ് ഷട്ടിൽ ബാറ്റ് ഫുട്ബാൾ എന്നിവയിൽ പരിശീലനം നൽകുക | ജൂ മുതൽ മാർച്ച് വരെ | അധ്യാപകർ പിടിഎ | 6000 |

പ്രവർത്തനം : 2
പേര് : ഹെൽത്ത് ചെക്കപ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പുവരുത്താൻ ആയി ഹെൽത്ത് ചെക്കപ്പ് സംഘടിപ്പിക്കുക | ജൂ മുതൽ സെപ്റ്റംബർ വരെ | പിടിഎ | 2000 |

പ്രവർത്തനം : 3
പേര് : കായിക വിദ്യാഭ്യാസം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | സുംബാ ഫിസിക്കൽ എക്സർസൈസ് ഗെയിംസ് എന്നിവയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ | ജൂ മുതൽ മാർച്ച് വരെ | എസ്ആർജി | 1000 |